പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 4272

17.5.2017 ൽ
മറുപടിക്ക്

## മലപ്പുറം വനിതാ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.ഉബൈദുള്ള | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| എ) | 10.04.2015 -ലെ 894/2015/ ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച മലപ്പുറം വനിതാ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | എ) | ഏറനാട് താലൂക്ക് മലപ്പുറം വില്ലേജ് വാർഡ് നം 14 ൽ 268-ാം നമ്പർ എന്ന കെട്ടിടത്തിൽ മലപ്പുറം വനിതാ പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നതിന് സർക്കാർ ഉത്തരവ് നം.ജി.ഒ.(ആർ.റ്റി) നം.894/15/ആഭ്യ, തീയതി 10.04.2015 പ്രകാരം (കേരളാ സർക്കാർ വിജ്ഞാപനം എസ്.ആർ ഒ. നം 235/2015 പ്രകാരം) അനുമതി നല്കിയിട്ടുണ്ട്. പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനാവശ്യമായ അംഗസംഖ്യ പുനർവിന്യാസം വഴി കണ്ടെത്തിയിട്ടുണ്ട്. |
| ബി) | പ്രസ്തുത സ്റ്റേഷനിലേക്ക് ആവശ്യമായ ജീവനക്കാരുടെ പുനർ വിന്യാസം പൂർത്തീകരിച്ചിട്ടുണ്ടോ: എങ്കിൽ വിശദാംശം നൽകുമോ; | ബി) | ഒരു വനിതാ സബ് ഇൻസ്പെക്ടർ ഉൾപ്പെടെ 25 വനിതാ പോലീസ് ഉദ്യോഗസ്ഥരെ പ്രസ്തുത പോലീസ് സ്റ്റേഷനിലേയ്ക്ക് പുനർ വിന്യാസം വഴി നിയമിച്ചിട്ടുണ്ട്. |
| (സി) | സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രസ്തുത സ്റ്റേഷൻ എന്നത്തേക്ക് ആരംഭിക്കാൻ സാധി ക്കുമെന്ന് വെളിപ്പെടുത്തുമോ? | സി) | മലപ്പുറം വനിതാ പോലീസ് സ്റ്റേഷൻ താമസം വിനാ ഉദ്ഘാടനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ